**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1236** | **07-12-2022 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ വാക്സിൻ നൽകുന്നതിനായി സർക്കാർ മൃഗസംരക്ഷണ വകുപ്പിന്റെ സേവനം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിനായി എന്തൊക്കെ സേവനങ്ങളാണ് നൽകിയിട്ടുള്ളതെന്നും ഏതൊക്കെ തസ്തികയിലുള്ള ജീവനക്കാരെയാണ് ഇതിനായി നിയോഗിച്ചതെന്നും വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് സെപ്റ്റംബർ 20 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 170 ഹോട്ട്സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തുതലത്തിൽ കണ്ടെത്തിയിട്ടുണ്ട്. പേവിഷ പ്രതിരോധ വാക്സിൻ സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സെപ്റ്റംബർ 20 മുതൽ നാളിതു വരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നൽകിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ 506 ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി വകുപ്പിന്റെ ട്രെയിനിങ് കേന്ദ്രങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടുതൽ ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രതിരോധ കുത്തിവെയ്പുമായി ബന്ധപ്പെട്ട പ്രവർത്തിയ്ക്കുന്ന മുഴുവൻ സ്ക്വാഡ് അംഗങ്ങൾക്കും ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരം പേവിഷ പ്രതിരോധ കുത്തിവെയ്പ് നൽകിയിട്ടുണ്ട്. വാക്സിൻ നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെയാണ് നിയോഗിച്ചിട്ടുള്ളത്.** |
| (ബി) | ഈ ചുമതല ഏല്പിച്ചതിൽ മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർ പ്രതിഷേധമുയർത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **ഉണ്ട്. വിഷയം പരിശോധിച്ചു വരുന്നു.** |
| (സി) | തെരുവുനായ്ക്കളിൽ പേവിഷ പ്രതിരോധവാക്സിൻ കുത്തിവെയ്പ്പിന്റെ ചുമതല മൃഗസംരക്ഷണ വകുപ്പിൽ നിക്ഷിപ്തമാണോ; എങ്കിൽ 2016-2021 സർക്കാരിന്റെ കാലം മുതൽ നാളിതു വരെ എത്ര | (സി) | **മൃഗസംരക്ഷണ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് തെരുവുനായ്ക്കളിലെ കുത്തിവെയ്പ് നടത്തുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായാണ് ഇതിനു** |

| | | | |
|---|---|---|---|
| | തെരുവ് നായ്ക്കൾക്ക് പേവിഷ പ്രതിരോധവാക്സിൻ കുത്തിവെയ്പ്പ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | | **വേണ്ടി പണം ചെലവഴിയ്ക്കുന്നത്. ഈ പദ്ധതിക്കാവശ്യമായ ഡോഗ് ക്യാച്ചർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ എന്നിവരെ ജില്ലാതലത്തിൽ നിയോഗിയ്ക്കുന്നതും പേവിഷ പ്രതിരോധ വാക്സിൻ ലഭ്യമാക്കുന്നതും മൃഗസംരക്ഷണ വകുപ്പാണ്. 2022 സെപ്റ്റംബർ 20 മുതൽ നാളിതു വരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ